# വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ റിയോ ഡി ജനിറോയിൽ ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുത്തു

ഫെബ്രുവരി 23, 2024

വിദേശകാര്യ സഹമന്ത്രിയും പാർലമെന്ററികാര്യ മന്ത്രിയുമായ ശ്രീ. വി. മുരളീധരൻ ബ്രസീലിയൻ ജി20 അധ്യക്ഷതയ്ക്ക് കീഴിൽ റിയോ ഡി ജനിറോയിൽ 2024 ഫെബ്രുവരി 21-22 തീയതികളിൽ നടന്ന ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ (FMM) പങ്കെടുത്തു. ബ്രസീൽ വിദേശകാര്യ മന്ത്രി ശ്രീ. മൗറോ വിയേറ അധ്യക്ഷത വഹിച്ച യോഗത്തിൽ വിദേശകാര്യ മന്ത്രിമാരും, ജി20 അംഗങ്ങളുടെയും ക്ഷണിക്കപ്പെട്ട രാജ്യങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും പ്രതിനിധിസംഘ തലവന്മാരും പങ്കെടുത്തു.

2024 ഫെബ്രുവരി 21-ന് "തുടർന്നുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ജി20-യുടെ പങ്ക്" എന്ന വിഷയത്തിലുള്ള ഒന്നാമത്തെ സെഷനിൽ ബ്രസീലിന്റെ ജി20 അധ്യക്ഷതയ്ക്കുള്ള ഇന്ത്യയുടെ ഉറച്ച പിന്തുണ അറിയിച്ച വിദേശകാര്യ സഹമന്ത്രി ജി20 അധ്യക്ഷ സ്ഥാനം തുടർച്ചയായി നാല് വികസ്വര രാജ്യങ്ങൾ (ഇന്തോനേഷ്യ, ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക) വഹിക്കുന്നത് ചൂട്ടിക്കാട്ടി. കഴിഞ്ഞ വർഷത്തെ ജി20-യിൽ ആഫ്രിക്കൻ യൂണിയനെ ഉൾപ്പെടുത്തിയത് പരാമർശിച്ച അദ്ദേഹം സ്ഥിര ജി20 അംഗമെന്ന നിലയിലുള്ള ആദ്യ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലേക്ക് അവരെ സ്വാഗതം ചെയ്തു.

ഗ്ലോബൽ സൗത്തിൽ അനുചിതമായ ആഘാതം ഉണ്ടാക്കുന്ന, നിലവിലെ ആഗോള വെല്ലുവിളികളോട് ഒരു ഉൾക്കൊള്ളുന്നതും പ്രായോഗിക നടപടിയിൽ അധിഷ്ഠിതവുമായ പ്രതികരണത്തിന്റെ പ്രാധാന്യം വിദേശകാര്യ സഹമന്ത്രി ഊന്നിപ്പറഞ്ഞു. ജി20 ന്യൂഡൽഹി ലീഡേഴ്സ് പ്രഖ്യാപനത്തിൽ (NDLD) കൈവരിച്ച മൂല്യവത്തായ അഭിപ്രായ സമന്വയം ഓർമ്മിപ്പിച്ച അദ്ദേഹം വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരാനും അംഗീകരിച്ചിട്ടുള്ള എല്ലാ NDLD തീരുമാനങ്ങളിലും ഫലങ്ങളിലും പുരോഗതി ത്വരിതപ്പെടുത്താനും ജി20-യോട് ആഹ്വാനം ചെയ്തു.

2024 ഫെബ്രുവരി 22-ന് നടന്ന "ആഗോള ഭരണ പരിഷ്കാരം" എന്ന വിഷയത്തിലുള്ള രണ്ടാമത്തെ സെഷനിൽ, ഇരുപതാം നൂറ്റാണ്ടിൽ

നിലവിലുള്ള ബഹുമുഖ ഭരണ സംവിധാനം നിലവിൽ വന്നത് മുതൽ ലോക ക്രമത്തിൽ നാടകീയമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി വിദേശകാര്യ സഹമന്ത്രി ചൂട്ടിക്കാട്ടി. ലോകം നിലവിൽ നേരിടുന്ന വെല്ലുവിളികളോട് കൂടുതൽ ശക്തമായി പ്രതികരിക്കാൻ പ്രധാനപ്പെട്ട ആഗോള സംഘടനകളുടെ ഘടനയിലും പ്രവർത്തന രീതികളിലും മാതൃകാപരമായ മാറ്റം അനിവാര്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ന്യൂഡൽഹി ലീഡേഴ്സ് പ്രഖ്യാപനത്തിൽ, മികച്ചതും വലുതും കൂടുതൽ ഫലപ്രദവും കൂടുതൽ പ്രാതിനിധ്യമുള്ളതുമായ മൾട്ടിലാറ്ററൽ ഡെവലപ്പ്മെന്റ് ബാങ്കുകൾക്ക് (MDB-കൾ) ജി20 സമ്മതിച്ചിട്ടുള്ളത് ഓർമ്മിപ്പിച്ച വിദേശകാര്യ സഹമന്ത്രി ത്വരിതഗതിയിലുള്ള പുരോഗതി സുസ്ഥിര വികസന ലക്ഷ്യങ്ങളിലും കാലാവസ്ഥാ പ്രവർത്തനങ്ങളിലും നടപ്പാകുന്നതിന് മെച്ചപ്പെടുത്തിയ സാമ്പത്തിക ലഭ്യതാ സംവിധാനത്തിന് ആഹ്വാനം ചെയ്തു. ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ യുഎൻ സുരക്ഷാ സമിതി ഉൾപ്പെടെയുള്ള യുഎൻ പരിഷ്‌കാരങ്ങളുടെ തുറന്നതും സുതാര്യവും ഫലാധിഷ്ഠിതവുമായ പ്രക്രിയയുടെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. എല്ലാവരുടെയും വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഉള്ള എഞ്ചിനായി പ്രവർത്തിക്കുന്ന വ്യാപാര, നിക്ഷേപ നയങ്ങൾക്ക് ഇന്ത്യയുടെ പിന്തുണ അദ്ദേഹം ആവർത്തിച്ചു.

പങ്കെടുത്ത ജി20 വിദേശകാര്യ മന്ത്രിമാർക്കും പ്രതിനിധി സംഘത്തലവന്മാർക്കുമായി ബ്രസീലിയൻ വിദേശകാര്യ മന്ത്രിയും റിയോ മേയറും ചേർന്ന് ഫെബ്രുവരി 21-ന് നടത്തിയ ഔദ്യോഗിക അത്താഴ വിരുന്നിലും ബ്രസീലിയൻ വിദേശകാര്യ മന്ത്രി ഫെബ്രുവരി 22-ന് അവസാന ദിവസം ഒരുക്കിയ ഉച്ചഭക്ഷണത്തിലും വിദേശകാര്യ സഹമന്ത്രി പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത നിരവധി വിദേശകാര്യ മന്ത്രിമാരുമായി സംഭാഷണം നടത്തിയ വിദേശകാര്യ സഹമന്ത്രി ഉറുഗ്വെ വിദേശകാര്യ മന്ത്രി ഒമർ പഗനിനിയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. റിയോയിലെ പ്രാദേശിക ഇന്ത്യൻ സമൂഹ അംഗങ്ങളെയും അദ്ദേഹം കാണുകയുണ്ടായി.

വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ശേഷം ഫെബ്രുവരി 22-ന് നടന്ന ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ (IBSA) വിദേശകാര്യ സഹമന്ത്രി പങ്കെടുത്തു. രണ്ട് സെഷനുകളാണ് ഇതിൽ ഉണ്ടായിരുന്നത്. ഒന്ന് "IBSA: വീക്ഷണങ്ങളും സ്ഥാപനപരമായ വികസനവും", രണ്ടാമത്തേത്, "G20". IBSA മന്ത്രിമാർ IBSA ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രാധാന്യം വ്യക്തമാക്കുകയും, പരസ്പരം താൽപ്പര്യമുള്ള മേഖലകളിൽ

പ്രവർത്തനപരമായ സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത അംഗീകരിക്കുകയും ചെയ്തു.

**ന്യൂഡൽഹി**
**ഫെബ്രുവരി 23, 2024**